ശ്രീ. മുസ്തഫാകമാൽ: കഴിഞ്ഞ രണ്ടു വർഷക്കാലമായി സംസ്ഥാന പ്ലാനിംഗ് ബോർഡ് രണ്ടുലക്ഷത്തോളംരൂപാ ചിലവാക്കിയതായി ബഹു: മുഖ്യ മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ സർവ്വേയ്ക്കുവേണ്ടി ഒന്നര ലക്ഷം രൂപാ ചെലവാക്കിയതു നഷ്ടമല്ലേ?

ശ്രീ. പി. രവീന്ദ്രൻ: സർ, ഇത് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ചും അതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ വ്യാവസായിക, കാർഷിക വ്യവസ്ഥയെ സംബന്ധിച്ചും വളരെ ശാസ്ത്രീയമായ പഠനം നടത്തി വിദഗ്ദ്ധമായി തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണ്. ഇതിന് ഒരു ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ടെങ്കിൽ അത് അധികത്തുകയല്ല.

ശ്രീ. ഇ. ജോൺജേക്കബ്: വ്യാവസായിക രംഗത്ത് ഈ റിപ്പോർട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്നും അത് അംഗീകരിച്ചിട്ടുണ്ടോ എന്നുള്ളതും വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഒരു നീണ്ട പട്ടികയാണ്. ഏതേതെല്ലാം സ്വീകരിച്ചു എന്നുള്ളതിനെ സംബന്ധിച്ച് പെട്ടെന്ന് ഉത്തരം പറയാൻ പ്രയാസമാണ്.

ശ്രീ. ഇ. അഹമ്മദ്: കേരളത്തിലെ ഇരുമ്പയിര് ചൂഷണം ചെയ്ത് അതുമൂലം സമ്പദ്ഘടന വർദ്ധിപ്പിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഈ സർവ്വെയിൽ എന്താണു പറഞ്ഞിട്ടുള്ളത് എന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ റിപ്പോർട്ട് നമ്മുടെ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുള്ളതാണ്.

കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ട്

* 56 [223] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ടിന്റെ ജോലി സ്തംഭനാവസ്ഥയിലിരിക്കുകയാണെന്നു ഗവൺമെന്റിനറിയാമോ;

(ബി) ഒരു കാൺട്രാക്ടരുടെ പ്രവർത്തനംമൂലമാണ് ആയത് സ്തംഭിച്ചിരിക്കുന്നതെന്ന് അറിയാമോ:

(സി) പൗവ്വർഹൗസ് പൂർത്തിയായിട്ടും ഡാമിന്റെ പ്രവർത്തനം ശരിയാകാത്തതുകൊണ്ട് എന്തു നഷ്ടം ഇതുവരെയായി ഉണ്ടായിട്ടുണ്ട്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) കഴിഞ്ഞ ഒരു വർഷമായി പദ്ധതിപ്രവർത്തനങ്ങൾ അൽപം മന്ദഗതിയിൽ ആണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അറിയാം.

(സി) ക്യിപ്തമായി കണക്കാക്കിയിട്ടില്ല.

ശ്രീ. എൻ. ഗോപിനാഥൻ പിള്ള: എൺപതിനായിരം രൂപയുടെ ജോലികൂടി തീർന്നുകഴിഞ്ഞാൽ ഈ പ്രോജക്ടിന്റെ പ്രവർത്തനം സുഗമമാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ കാൺട്രാക്ടരുടെ പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തനത്തിന്റെ തകരാറുകൊണ്ട് അവിടത്തെ ജോലിക്കാർക്ക് ഗവൺമെന്റ് പോലീസ് സഹായം കൊടുക്കുന്നു എന്നറിയുന്നതു ശരിയാണോ?

ശ്രീ. പി. രവീന്ദ്രൻ: ഒരു കോൺട്രാക്ടരും കെ.എസ്.സി. ബോർഡും തമ്മിൽ ചില തർക്കം നിലവിലുണ്ട്. ആ തർക്കങ്ങളുടെ അടിസ്ഥാനത്തിൽ കളക്ടർ അവിടെ ചില നടപടികളും സ്വീകരിക്കുകയുണ്ടായി. വർക്സ് സ്പാട്ടിൽ കേരളാ ഇലക്ട്രിസിറ്റി ബോർഡിന്റെ ജോലിക്കാരെ കടന്നു ചെല്ലുന്നതിനെ കോൺട്രാക്ടർ തടയുകയുണ്ടായി. അങ്ങനെ തടസ്സമുണ്ടാകുന്നതിനെതിരായി നടപടികളും സ്വീകരിക്കുകയും പോലീസ് സഹായത്തോടുകൂടി ഏലക്ട്രിസിറ്റി ബോർഡിന്റെ ജീവനക്കാരെ പ്രവേശിപ്പിക്കുകയും ചെയ്തു. മറ്റു നടപടികളും ഗവൺമെന്റ് എടുത്തുവരുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള: കുറ്റ്യാടി പ്രോജക്ടിന്റെ പ്രവർത്തനം കാര്യക്ഷമമായും കൃത്യമായും തീർക്കുന്നതിനും കൂടുതൽ സഹായം വേണമെന്നുള്ളതിനെപ്പറ്റി കേന്ദ്ര ജലസേചന വകുപ്പുമന്ത്രി ശ്രീ. കെ. എൽ. റാവുവുമായിട്ട് സംഭാഷണം നടത്തിയതായി അറിഞ്ഞു. അതിനെ സംബന്ധിച്ച് നമ്മുടെ ജലസേചന വകുപ്പു മന്ത്രിക്ക് വല്ലതും പറയാനുണ്ടോ?

ജലസേചനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. ഒ. കോരൻ): ഈ അടുത്തയവസരത്തിൽ കേന്ദ്ര ഗവൺമെന്റു നൽകിയിട്ടുള്ള രണ്ടു കോടി രൂപാ കുറ്റ്യാടിക്കും പമ്പയ്ക്കുമാണെന്നുള്ളതുകൊണ്ട് ഇപ്പോഴത്തെ അനുവദിച്ചിട്ടുള്ള തുകകൊണ്ട് മറ്റു പ്രവർത്തനങ്ങളും നടത്തിക്കൊണ്ടുപോകാൻ പറ്റുകയില്ലെന്നും അതുകൊണ്ടു കൂടുതൽ സഹായം തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതു തരാമെന്നും സമ്മതിച്ചിട്ടുണ്ട്.

ഡാക്ടർ ജോർജ് തോമസ്: കോൺട്രാക്ടരും ഗവൺമെന്റും തമ്മിലുള്ള തർക്കം ആരംഭിച്ച് എത്ര നാളായി. ഈ തർക്കം സത്വരമായി തീർക്കുന്നതിന് എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്?

ശ്രീ. പി. രവീന്ദ്രൻ: കേസുകളും നിലവിലുണ്ടായിരുന്നതുകൊണ്ട് ഈ തർക്കങ്ങളും പരിഹരിക്കുന്നതിനു തടസ്സം നേരിട്ടിട്ടുണ്ട്. ഈ പ്രോജക്ടിന് ഏരിയായിൽ ഏലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികളും പ്രവേശിക്കുന്നതിനെയും ജോലി ചെയ്യുന്നതിനെയും കളക്ടർ സ്വീകരിച്ച നടപടിയെയും ചോദ്യം ചെയ്തുകൊണ്ട് കൺട്രാക്ടർ കേരള ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്തിരുന്നു. അതനുസരിച്ച് കളക്ടരുടെ ഉത്തരവ് റദ്ദു ചെയ്യുകയുണ്ടായി. ഇന്ന് അവിടെ ചില തർക്കങ്ങളെല്ലാമുണ്ടായിട്ടുണ്ട്. അതു പരിഹരിക്കുന്നതിനു വേണ്ടി ഒരു ഹൈലവൽ കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനു ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ താമസിയാതെതന്നെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കഴിഞ്ഞ 1966—ൽ പൂർത്തിയാകേണ്ടിയിരുന്നതായ ഈ പദ്ധതി ഇത്രയും നീണ്ടുപോയതിന്റെ ഫലമായിട്ട് ഓരോ വർഷവും റവന്യൂ വരുമാനത്തിൽ 66 ലക്ഷത്തിലധികം രൂപാ ഗവൺമെന്റിനു നഷ്ടപ്പെട്ടു പോകുന്നു എന്നുള്ളതിനെ പരിഗണിച്ച് ഇതിന്റെ പണി എളുപ്പം പൂർത്തിയാക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? കഴിഞ്ഞ ഒന്നര വർഷക്കാലമായിട്ട് അണക്കെട്ടിന്റെ പ്രവർത്തനം സ്തംഭനത്തിലായതുകൊണ്ട് ഈ പ്രവർത്തനം പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: അവിടെയുള്ള തൊഴിൽത്തർക്കങ്ങളും അതുപോലെ തന്നെ കാൺട്രാക്ടർമാരും ഏലക്ട്രിസിറ്റി ബോർഡും തമ്മിലുള്ള തർക്കങ്ങളും നിലവിലുണ്ട്. തൊഴിത്തർക്കങ്ങളും അവസാനിപ്പിക്കുന്നതിനു വേണ്ടി ചില നടപടികളും സ്വീകരിച്ച് ഒരു കാൺഫറൻസു തന്നെ ഞാൻ നേരിട്ടു വിളിച്ചു കൂട്ടുകയുണ്ടായി. ഈ തൊഴിൽത്തർക്കങ്ങളും ഏതാനും ദിവസങ്ങൾക്കകം പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് കരുതുന്നു. കാൺട്രാക്ടർമാരും കെ.എസ്.ഇ. ബോർഡും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനു വേണ്ടി ഒരു ഹൈലവൽ കാൺഫറൻസ് വിളിച്ചുകൂട്ടാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അതും പരിഹരിക്കാൻ കഴിയുമെന്നാണു കരുതുന്നത്. അങ്ങനെയല്ലെങ്കിൽ ഇതുമൂലം സാമ്പത്തികമായ നഷ്ടമുണ്ടാകുമെന്നും രാജ്യത്തിനു തന്നെ ദോഷകരമായ പലതുമുണ്ടാകുമെന്നും ഗവൺമെൻറിനു ബോദ്ധ്യമുണ്ട്. അതുകൊണ്ട് ഗൗരവബുദ്ധിയോടുകൂടിത്തന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: ഒരു വർഷമായി ഇതിൻെറ പ്രവർത്തനം സ്തംഭനത്തിലാണെന്നു മന്ത്രി തന്നെ പറയുകയുണ്ടായി. ഈ പ്രവർത്തനം നീണ്ടു പോകുന്നതിൻെറ ഫലമായിട്ടു വരുന്ന ഭീമമായ നഷ്ടത്തെ പരിഗണിച്ചും പൂർത്തിയായാൽ ഗവൺമെൻറിനുണ്ടാകുന്ന മെച്ചത്തെ പരിഗണിച്ചും തടസ്സമായി നിൽക്കുന്ന കാൺട്രാക്ടറെ ഒഴിവാക്കിക്കൊണ്ട് ഇതിൻെറ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുവാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനുള്ള നടപടികളാണ് ആദ്യഘട്ടത്തിൽ കെ. എസ്. ഇ. ബോർഡ് സ്വീകരിച്ചത്. കൺട്രാക്ടരുടെ മർക്കടമുഷ്ടികൊണ്ടാണു പണി മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കാത്തത്. ഈ പണി ബോർഡ് നടത്താൻ തീരുമാനിച്ചപ്പോഴാണ് തർക്കമുണ്ടായത്. അതു പരിഹരിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ജോൺജേക്കബ്: മറ്റു പണികളെല്ലാം തീർന്നു കഴിഞ്ഞാലും ഡാമിൻെറ പണി തീരാതെ വന്നാൽ മെഷീനും മറ്റും ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കാതെ വരും എന്നറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ പല ബുദ്ധിമുട്ടുകളുണ്ടാകുമെന്നറിയാം. ഗ്യാരൻറിയുടെ പീരീഡുതന്നെ കഴിഞ്ഞുപോകുന്നതാണ്. അതുകൊണ്ട് അതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: അണക്കെട്ടിൻെറ പ്രവർത്തനം പൂർത്തിയാക്കാൻ ഇപ്പോഴത്തെ തൊഴിൽത്തർക്കങ്ങളും തടസ്സമല്ലെന്നും അണക്കെട്ടിൻെറ പ്രവർത്തനത്തിൽ തൊഴിലാളികളില്ലെന്നുമിരിക്കെ തർക്കമാണ് തടസ്സമെന്നു പറയുന്നതു ശരിയാണോ? അതുപോലെതന്നെ കാൺട്രാക്ടർ ഇട്ടിട്ടു പോയ പണികളും നടത്താൻ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: കുറ്റ്യാടി പ്രോജക്ടിൻെറ പ്രവർത്തനത്തിനു തടസ്സമായി നിൽക്കുന്ന രണ്ടു കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. പല സ്ഥലങ്ങളിലും തർക്കമുണ്ട്. കുളമാവ് എന്ന സ്ഥലത്ത് ഒരു തർക്കമുണ്ട്. അതുപോലെ കാൺട്രാക്ടർമാരും ബോർഡും തമ്മിലുള്ള തർക്കമുണ്ട്. കാൺട്രാക്ടറെ നിയന്ത്രിച്ചുതന്നെ പണി മുന്നോട്ടുകൊണ്ടുപോകുന്നതിന് കെ. എസ്. ഇ. ബോർഡ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ഞാൻ പറഞ്ഞതുപോലെ ഒരു ഹൈലവൽ കാൺഫറൻസ് വിളിച്ചുകൂട്ടാനും നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. തൊഴിൽത്തർക്കങ്ങളെപ്പറ്റി ഞാൻ പറഞ്ഞത്, കുറ്റ്യാടി പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളിലെ തർക്കത്തെപറ്റിയാണ്. അവിടത്തേയും തൊഴിൽ സ്തംഭനം ഒഴിവാക്കാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കെ. അപ്പു: ഡാമിന്റെ പണി ഗവൺമെന്റ് നേരിട്ടു നടത്തുകയും കാൺട്രാക്ടർമാരുമായുള്ള തർക്കം ആർബിട്രേഷനു വിടുകയും ചെയ്തുകൂടേ?

ശ്രീ. പി. രവീന്ദ്രൻ: ആർബിട്രേഷനു വിടണമോ, ബലം പ്രയോഗിച്ചു കടക്കണമോ എന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ഐ. രാജൻ: ഇത്തരം പണികളും ഇനിമേൽ കൺട്രാക്ടർമാർക്ക് കൊടുക്കാതെ ഏതാണ്ട് 18,000 വരുന്ന ബോർഡിലുള്ള ജീവനക്കാരുടെ സാങ്കേതിക വിജ്ഞാനം പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഈ ജോലി ബോർഡ് നടത്തുന്നതിനുള്ള നയം ആവിഷ്ക്കരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. കൃഷ്ണൻ: ജോലിക്കു തടസമായി നിൽക്കുന്ന ആളുകളെ അവിടെ പ്രവേശിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോഴത്തന്നെ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പോലീസ് തന്നെ കെ.എസ്.സി. ബോർഡിലെ ജോലിക്കാർ ആവശ്യപ്പെട്ടപ്പോഴും അവിടെയുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. ചിലരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

ഡോക്ടർ ജോർജ് തോമസ്: അവിടെ കുഴപ്പങ്ങളും ഉണ്ടായിട്ടുള്ള അവസരങ്ങളിൽ പോലീസിനെ അയക്കണമെന്ന് കളക്ടറോടാവശ്യപ്പെട്ടിട്ടും പോലീസ് അധികാരികളും അതു നൽകാതിരുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയൊരു പരാതി ലഭിച്ചതായി ഈ ഫയലിൽ കാണുന്നുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഈ പ്രോജക്ടിന്റെ പ്രവർത്തനത്തിന് ബോർഡ് ചെയ്തു കൊടുക്കാമെന്നു പറഞ്ഞ സഹായം കാലാകാലങ്ങളിൽ കൊടുക്കാത്തതിന്റെ ഫലമായാണ് പണി നടത്താൻ കഴിയാതെ ആയത് എന്ന് അവർ എഴുതിക്കൊടുത്തിട്ടുണ്ട്. അങ്ങനെ നഷ്ടമുണ്ടായിട്ടുള്ളതുകൊണ്ട് ഈ കൺട്രാക്ടർമാർക്ക് നഷ്ടം കൊടുക്കേണ്ടിവരുമെന്നുള്ള സ്ഥിതി നിലവിലിരിക്കേ നഷ്ടപരിഹാരം കൊടുത്തുകൊണ്ട് കുറ്റ്യാടി പദ്ധതിയുടെപ്രവർത്തനം നടത്തുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ആലോചിച്ചു തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഹൈലവൽ കോൺഫറൻസ് വിളിച്ചുകൂട്ടാൻ പോകുന്നു എന്നു ഞാൻ പറഞ്ഞത്. അതിൽ വച്ച് ഈ കാര്യങ്ങളും ആലോചിക്കുന്നതാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ കോൺട്രാക്ട് റദ്ദു ചെയ്തു എന്നു പറയുകയുണ്ടായി. അതിനു ശേഷം അവിടത്തെ പ്രവർത്തനം പുനരാരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോൾ പണി ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാകുമെന്നും പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: കോൺട്രാക്ടർ റദ്ദുചെയ്തിട്ടാണ് ബോർഡ് പണി ആരംഭിച്ചത്. പക്ഷേ ആ കോൺട്രാക്ടർ ഹൈക്കോടതിയിൽ ഹർജികൊടുത്തു. ഇപ്പോഴ ജോലി വളരെ തൃപ്തികരമായി പുരോഗമിക്കുന്നു എന്നു കരുതുന്നില്ല.

ശ്രീ. എം. എം. തോമസ്: ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ സഹായവും അത്യാവശ്യമായ സമയങ്ങളിൽ ബില്ലുകളും കൊടുക്കാതിരുന്നതുകൊണ്ടാണ് വർക്ക് നിറുത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ പ്രത്യേകമായി പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവേ ഇങ്ങനെയൊരു ആരോപണം കേട്ടിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ: ഡാമിന്റെ പണി ബോർഡ് ആരംഭിച്ചുകഴിഞ്ഞോ, അല്ലെങ്കിൽ അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനാവശ്യമായ എല്ലാനടപടികളും ഈ പ്രശ്നത്തിന്റെ ഗൗരവം വച്ചുകൊണ്ട് പരിഗണിക്കാം.

ശ്രീ. എം. രാമുണ്ണി: കുറ്റ്യാടിയിൽ ഗവൺമെൻറിന്റെ വകയായ രണ്ടു എയർ കംപ്രസർ കൺട്രാക്ടർക്കു വിറ്റു എന്നു പറയുന്നതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഈ പരിധിയിൽ വരാത്തതുകൊണ്ട് അതിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ: കുറ്റ്യാടി പദ്ധതിക്കുവേണ്ടി ലക്ഷക്കണക്കിന് രൂപാ ചെലവാക്കിയിട്ടും ഇന്നും അപൂർണ്ണാവസ്ഥയിലിരിക്കുന്ന പല ഭാഗങ്ങളുമുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ വരുമാനത്തിൽ വമ്പിച്ച നഷ്ടമുണ്ടാക്കുമെന്നുള്ളതു പരിഗണിച്ച് ഇപ്പോഴ ആരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ പണി പൂർത്തിയായതിനുശേഷം മാത്രം പുതിയ വർക്കുകളും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ചെയ്യുന്നതാണ് രാജ്യത്തിനു നല്ലത്, ഗവൺമെൻറും അങ്ങനെയാണ് വിചാരിക്കുന്നത്.

വിദ്യുച്ഛക്തി വിതരണം

*57 [224] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, കെ. ചാത്തുണ്ണി മാസ്റ്റർ
,, എസ്. ദാമോദരൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, റ്റി. എം. മീതിയൻ
,, വി. ശ്രീധരൻ
,, എം. കെ. എ. ഹമീദ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ സംസ്ഥാനത്തെ വിദ്യുച്ഛക്തി ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലുള്ള പോരായ്മകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly